12

# പ്രവാസ-ശേഷമുള്ള കാലം

## സെരുബാബേലിന്റെ കീഴിൽ മടങ്ങിവന്നതു മുതൽ പഴയനിയമ ന്യായപ്രമാണം വരെ

## ബി.സി. 536-400

ബാബേൽപ്രവാസത്തെക്കുറിച്ചു മുന്നറിയിച്ചിരുന്നതുപോലെതന്നെ അവിടെനിന്നുള്ള മടങ്ങിവരവിനെക്കുറിച്ചും മുന്നറിയിച്ചിരുന്നു; മടങ്ങി വരവു ബാബേലിന്റെ വീഴ്ച്ചയോടനുബന്ധിച്ചായിരിക്കുമെന്നും പറഞ്ഞിരുന്നു (*ഒ.വാ.* യെശ. 13, 14; യിരെ. 25:12; 50; 51; തുടങ്ങിയവയും; ദാനി. 9:1, 2). പ്രവാസകാലം എഴുപതു വർഷം ആയിരിക്കുമെന്നു യിരെമ്യാവു മുന്നറിയിച്ചിരുന്നു എന്നതു ശ്രദ്ധിക്കേതാണ്. പ്രവാസദേശത്തുനിന്നുള്ള മടങ്ങിവരവു പ്രത്യേകതയുള്ളതാണ്; ചരിത്രത്തിൽ അതുപോലെ മറ്റൊന്നില്ല. മടങ്ങിവരവിനു മൂന്നു വ്യത്യസ്ത കാലങ്ങളുായിരുന്നു.

1. **സെരുബാബേലിന്റെ കീഴിലുള്ള മടങ്ങിവരവ്** (ബി.സി. 536. ദാനി. 9; എസ്രാ 1-6). - പ്രവചിച്ച എഴുപതു വർഷം കഴിഞ്ഞുവെന്നു ദാനിയേൽ മനസിലാക്കി, തന്റെ ജനത്തിനുവേി അവൻ ദൈവത്തോടു താല്പര്യത്തോടെ പ്രാർത്ഥിച്ചു. ബാബേലിനെ കീഴ്പ്പെടുത്തിയവനും പാർസി സാമ്രാജ്യ സ്ഥാപകനുമായിരുന്ന, മഹാനായ കോരശ് രാജാവ്, ദാനിയേലിന്റെ സ്വാധീനം കൊാകാം യെഹൂദന്മാരെ പാലസ്തീനിലേക്കു മടങ്ങിപോകുവാൻ, കല്പന പുറപ്പെടുവിച്ചു. രാജവംശത്തിലെ രാജകുമാരനായിരുന്ന, സെരുബാബാബേലിന്റെ നേതൃത്വത്തിൽ, ഏതാ് അമ്പതിനായിരം പേർ മടങ്ങി. നെബൂഖദ്നെസർ എടുത്തുകൊുപോയ ദൈവാലയ സാധനങ്ങളുമായാണ് അവർ മടങ്ങിയത്. അവർ ഉടനെ പഴയ യാഗപീഠം നിന്ന സ്ഥലത്ത് പുതിയത് ഒന്നു പണിയുകയും, യുവാക്കളുടെ ആരവത്തോടും, ആദ്യദൈവാലയ മഹിമ കിരുന്ന പ്രായമായവരുടെ കണ്ണീരോടുംകൂടെ, അവർ രാമത്തെ ദൈവാലയത്തിനു അടിസ്ഥാനമിട്ടു. ആ പ്രവൃത്തിയിൽ പങ്കുചേരുന്നതിനു ശമര്യക്കാർ അവരോട് അനുവാദം ചോദിച്ചു. സങ്കരവർഗ്ഗത്തോടും അവരുടെ സങ്കരമതത്തോടും ചേർന്നാലുള്ള ഭയം നിമിത്തം, സെരുബാബേൽ, അതു നിരസിച്ചു. പിന്നെ ശമര്യക്കാർ പാർസിരാജാവിലുള്ള തങ്ങളുടെ സ്വാധീനം ഉപയോഗിച്ചു ആ പ്രവൃത്തി തടഞ്ഞു. അതുകൊു പതിനാറു വർഷം അതു അങ്ങനെ തന്നെ കിടന്നു. അവസാനം, ശമര്യക്കാരുടെ തുടർച്ചയായ തടസം കൂടാതെ, പ്രവാചകന്മാരായിരുന്ന ഹഗ്ഗായിയുടേയും, സെഖര്യാവിന്റേയും പ്രചോദനത്താൽ പ്രവൃത്തി പൂർത്തിയാക്കി. ആ സമയം മുതൽ ക്രിസ്തുവിന്റെ കാലം വരെ യെഹൂദന്മാരും ശമര്യക്കാരും തുടർച്ചയായി പകച്ചിരുന്നു.

2. **എസ്ഥേർ രാജ്ഞിയുടെ സംഭവം** (എസ്ഥേർ 1-10). - ചിലപ്പോൾ ഒന്നാമത്തെയും രാമത്തെയും മടങ്ങിവരവിനിടയിൽ സംഭവിച്ചതാകാം എസ്ഥേ

രിന്റെ പുസ്തകത്തിൽ പറഞ്ഞിരിക്കുന്നതു. ഗ്രീക്കി ന്റെയും പാർസിയുടേയും ചരിത്രത്തിലെ സെർസസ് ആയിരുന്ന, അഹശ്വേരേശ്, വസ്ഥി രാജ്ഞിയെ ഇഷ്ടപ്പെടാതിരുന്നതുകൊ്, അവളെ ഉപേക്ഷിച്ചു. സുന്ദരിയായ യെഹൂദസ്ത്രീയായിരുന്ന എസ്ഥേരിനെ, അവളുടെ ദേശീയത അറിയാതെ, അവൻ വിവാഹം കഴിച്ചു. രാജധാനിയിലെ പാർസിക്കാരനായിരുന്ന, ഹാമാൻ, തനിക്കു ലഭിച്ച പുതിയ സ്ഥാനക്കയറ്റത്തിൽ അഹങ്കരിച്ച്, യെഹൂദനായിരുന്ന എസ്ഥേരിന്റെ അമ്മാവനായിരുന്ന, മോർദ്ദേഖായിയെ പ്രകോപിച്ചിരുന്നു, കാരണം അവൻ ഹാമാനെ ആദരിച്ചില്ല, കൂടാതെ സാമ്രാജ്യത്തിലുള്ള യെഹൂദന്മാരെയെല്ലാം നാടുകടത്തുവാൻ പദ്ധതിയിട്ടു. അഹശ്വേരേശ് രാജാവു മനസില്ലാമനസോടെ ആ കല്പനക്കു സമ്മതവുമരുളി. തന്റെ ജീവൻ സാഹസപ്പെടുത്തി, എസ്ഥേർ ക്ഷണിക്കാതെ, നായകിയായി രാജസന്നിധിയിൽ ചെന്നു, തന്റെ ജനത്തിനുവേി പക്ഷവാദം ചെയ്തു. അവളുടെ അപേക്ഷ രാജാവു സ്വീകരിക്കയും, ഹാമാൻ മോർദ്ദേഖായിക്കായി പണിത കഴുമരത്തിൽ തന്നെ രാജാവു ഹാമാനെ തൂക്കിക്കൊല്ലുവാൻ കല്പിക്കയും ചെയ്തു.

**3. എസ്രയുടെ കീഴിൽ മടക്കവും നവീകരണവും** (ബി.സി. 458. എസ്രാ 7–10). – സെരുബാബേലിന്റെ കീഴിൽ മടങ്ങിവന്നു ഏതാ് എൺപതു വർഷങ്ങൾക്കുശേഷം, യെഹൂദപുരോഹിതനായിരുന്ന, എസ്രാ, ഏതാ് ഏഴായിരം പേരുള്ള ഒരു ചെറിയ സംഘത്തെ യെരുശലേമിലേക്കു നയിച്ചുകൊുവന്നു. സെരുബാബേലിന്റെ സഹപ്രവർത്തകരിൽ മിക്കപേരും മരിച്ചുപോയിരിക്കാം. മോശെയുടെ ന്യായപ്രമാണത്തെ ഉപേക്ഷിച്ചു ശമര്യക്കാരുമായി യെഹൂദന്മാർ മിശ്രവിവാഹത്തിലേർപ്പെട്ടതു എസ്രയെ നിരാശപ്പെടുത്തി. അവൻ ദുർവിനിയോഗത്തെ നവീകരിക്കയും, പഴയനിയമ എഴുത്തുകൾ പ്രസിദ്ധീകരിക്കയും ചെയ്തു. ആ സമയത്തായിരിക്കാം ഒരുപക്ഷെ പള്ളിയാരാധനകൾ തുടങ്ങുകയും തിരുവെഴുത്തുകൾ നന്നായി ഉപദേശിക്കുവാൻ തുടങ്ങുകയും ചെയ്തതു.

**4. നെഹെമ്യാവിന്റെ മടക്കം** (ബി.സി. 445. നെഹെ. 1–13). – യെഹൂദന്മാർ ബാഹുല്യമായി മടങ്ങിവന്നില്ല എന്നാണ് എസ്ഥേരിന്റെ സംഭവം കാണിക്കുന്നത്, എന്നാൽ, ശേഷിച്ച അസംഖ്യം പേർ, സാമ്രാജ്യത്തിൽ ചിതറിപ്പോയിരുന്നു. ചിതറിപ്പോയ യെഹൂദന്മാരിൽ പെട്ടയാളായിരുന്നു നെഹെമ്യാവു. അർത്ഥഹ് ശഷ്ടാവു രാജാവിന്റെ പാനപാത്രവാഹകനായിരുന്നു. യെഹൂദന്മാരുടെ കൂട്ടത്തിൽ അടുത്തസമയത്തു വന്നവനായതുകൊ്, ശൂശന്റെ (ശൂശാ) പ്രതിരോധശക്തിയില്ലായ്മയും ശൂന്യാവസ്ഥയും അവൻ മനസിലാക്കിയിരുന്നു. യെരുശലേമിൽ പോയി അതിന്റെ മതിലുകൾ പണിയുന്നതിനു അവൻ രാജാവിനോടു അനുവാദം ചോദിച്ചു. നാടുവാഴിയുടെ കല്പനയോടുകൂടി, അവൻ യെഹൂദയിലേക്കു പോയി. ശമര്യക്കാരുടെ ഇടവിടാതെയുള്ള ഭീഷണിയും ശല്യവുമുായിട്ടും അമ്പത്തിരു ദിവസം കൊ് അവൻ പണി പൂർത്തിയാക്കി, ജോലി ചെയ്തിരുന്നവർ ഒരു കൈകൊു പണിയുകയും മറ്റെ കയ്യിൽ ആയുധം പിടിക്കുകയും ചെയ്തിരുന്നു. ദരിദ്രാവസ്ഥയിലായിരുന്ന ജനങ്ങളുടെ ഭാരം ലഘൂകരിക്കുവാൻ പന്ത്രു വർഷം, നെഹെമ്യാവു യഹൂദന്മാരുടെ നാടുവാഴിയായിരുന്നു. പിന്നെ അവൻ പാർസിയിലേക്കു മടങ്ങിപോയി, എന്നാൽ പിന്നീട് അവൻ യെരുശലേം സന്ദർശിച്ചു, മിശ്രവിവാഹഹം, ശബ്ബത്ത് ലംഘനം, തുടങ്ങിയ തെറ്റുകൾ

തിരുത്തി.

**5. അവസാന പ്രവാചകനും പഴയനിയമത്തിന്റെ അവസാനവും.** – നെഹെമ്യാവിന്റെ കാലത്ത്, അല്ലെങ്കിൽ അതിനുശേഷം ഉടനെ, മലാഖിയായിരുന്നു എബ്രായ പ്രവചനം അവസാനമായി നടത്തിയത്. വിവാഹ ഉടമ്പടി ലംഘിച്ചതിനും, അവരുടെ മതപരമായ ചടങ്ങുകൾക്കു പുരോഹിതന്മാരെ അവൻ തർജ്ജനം ചെയ്യുകയും, പുതിയനിയമത്തിലെ മശിഹയുടെ മുന്നോടിയായി "ഏലിയാ പ്രവാചകൻ," യോഹന്നാൻ സ്നാപകനായി വരുമെന്നു ശരിയായി പ്രവചിച്ച്, അവസാനിപ്പിക്കയും ചെയ്യുന്നു.

**6. വിശുദ്ധ ചരിത്രത്തിന്റെ താല്ക്കാലിക നിശ്ശബ്ദത.** – അങ്ങനെ പഴയനിയമ ചരിത്രത്തിന്റെ വാല്യം അവസാനിക്കുന്നു. നാനൂറു വർഷത്തേക്കു പ്രവചന ശബ്ദം നിലച്ചു. തിരഞ്ഞെടുക്കപ്പെട്ട ജനം വീും വാഗ്ദത്ത ദേശത്ത് പാർത്തു, എന്നാൽ വലിയ സാമ്രാജ്യത്തിന്റെ ചെറിയ ഭാഗം മാത്രം. അവർ ഒരു സ്വതന്ത്രരാജ്യം എന്നതു അവർക്ക് ഇല്ലാതായി. അവർ അഞ്ഞൂറു വർഷക്കാലം, കൂടുതൽ രാഷ്ട്രീയ കുഴപ്പത്തിലും, വിജയകരമായി പാർസികൾക്കും മക്കെദൊന്യർക്കും റോമോക്കാർക്കും കീഴടങ്ങി പാർത്തു, എന്നാൽ മെക്കാബ്യരുടെ കീഴിൽ മാത്രം ദേശീയതയുടെ ഒരു ചെറിയ പ്രകാശം അനുഭവപ്പെട്ടു. രാഷ്ട്രീയസ്വാതന്ത്ര്യഗ്രഹണം അവരുടെ രാഷ്ട്രീയ പ്രത്യേകത എടുത്തുകാണിക്കുവാനേ സഹായിച്ചുള്ളൂ. ക്രിസ്തുവിനു മുമ്പുള്ള നാലു നൂറ്റാുകളിൽ യെഹൂദന്മാർക്ക് എന്തെല്ലാം തെറ്റു സംഭവിച്ചിട്ടുങ്കെിലും, വിഗ്രഹാരാധന അവർക്കില്ലായിരുന്നു. പ്രവാസകാലത്തിലെ അച്ചടക്കവും, ദാനിയേലിന്റേയും കൂട്ടരുടേയും മാതൃകയും, എസ്രാ നെഹെമ്യാവു എന്നിവരുടെ പ്രവൃത്തികളും ആയിരിക്കാം അവ പൂർണ്ണമായി തുടച്ചുമാറ്റുവാൻ കാരണം. വിഗ്രഹാരാധന അടിച്ചേൽപിച്ച ശക്തമായ രാഷ്ട്രങ്ങളുടെ മദ്ധ്യേ ഐക്യതയും ദൈവത്തിന്റെ ആത്മിയതയും നിലനിർത്തിയതുകൊു ചെറുതായി നിന്ദിക്കപ്പെടുകയും ചെയ്തിരുന്നു; ബഹുദേവതാവാദം എന്ന മരുഭൂമിയിൽ ഒരു മരുപ്പച്ചയായി അതു നിലനിന്നു. വാഗ്ദാനം ചെയ്ത ദാവീദിന്റെ സന്തതിയും ദൈവപുത്രനും അവന്റെ സർവ്വദേശിയ മതമായ സ്നേഹവും വരുന്നതുവരെ, ഒരു മുൾച്ചെടി പോലെ നിന്ന യെഹൂദമതത്തെ ദൈവം സൂക്ഷിച്ചു; പിന്നെ അതു ടൈറ്റസും റോമാസേനയും വിതെച്ച കൊടുങ്കാറ്റിനാൽ തുടച്ചുനീക്കപ്പെട്ടു.